©
കേരള സർക്കാർ
Government of Kerala
2021

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 10<br>Vol. X | തിരുവനന്തപുരം, വ്യാഴം<br>Thiruvananthapuram, Thursday | 2021 നവംബർ 25<br>25th November 2021<br>1197 വൃശ്ചികം 10<br>10th Vrischikam 1197<br>1943 അഗ്രഹായനം 4<br>4th Agrahayana 1943 | നമ്പർ<br>No. 3487 |

വിജ്ഞാപനം

(LARR ACT-2013 വകുപ്പ് 14 കാണുക)

നമ്പർ സി1-323/18. *2021 നവംബർ 2.*

2013-ലെ ഭൂമി ഏറ്റെടുക്കൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ആക്റ്റ് (2013-ലെ കേന്ദ്ര ആക്റ്റ് 30) പ്രകാരമുള്ള കളക്ടറുടെ ചുമതലകൾ പത്തനംതിട്ട ജില്ലയിൽ നിന്നുള്ള കിഫ്ബി (KIIFB) പദ്ധതികൾക്കായി ഭൂമി പൊന്നുംവിലയ്ക്ക് എടുക്കുന്നതിൽ നിർവ്വഹിക്കുന്നതിനു വേണ്ടി 4-9-2020 തീയതിലെ ജി. ഒ. (പി.) നമ്പർ 60/2020/ആർ. ഡി. ഉത്തരവ് പ്രകാരം ആലപ്പുഴ എൽ. എ. യൂണിറ്റ്, കിഫ്ബി സ്പെഷ്യൽ തഹസിൽദാരെ ചുമതലപ്പെടുത്തിയിരിക്കുന്നതിനാലും;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പത്തനംതിട്ട ജില്ലയിൽ മല്ലപ്പള്ളി താലൂക്ക് മല്ലപ്പള്ളി വില്ലേജിൽ മണിമലയാറിന് കുറുകെ പാറക്കടവ് പാലം അപ്രാച്ച് റോഡ് നിർമ്മാണത്തിനായി ആവശ്യമുണ്ടെന്നോ, ആവശ്യമുണ്ടായേക്കാമെന്നോ ജില്ലാകളക്ടർക്ക് ബോധ്യമാകുന്നതിനാലും;

2013-ലെ ഭൂമി ഏറ്റെടുക്കൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ആക്റ്റ് (2013-ലെ കേന്ദ്ര ആക്റ്റ് 30) വകുപ്പ് 14 പ്രകാരമുള്ള വ്യവസ്ഥകൾക്കനുസൃതമായി ഇക്കാര്യത്തിലുള്ള അറിയിപ്പ് ഇതിനാൽ നൽകുകയും ചെയ്യുന്നു.

2013-ലെ ഭൂമി ഏറ്റെടുക്കൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ആക്റ്റ് (2013-ലെ കേന്ദ്ര ആക്റ്റ് 30) വകുപ്പ് 3(e), 4 പ്രകാരവും 2015-ലെ ചട്ടം 11(1), 2 പ്രകാരവും ടി പദ്ധതിക്ക് ഭൂമി ഏറ്റെടുക്കുന്നതിന് സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ റിപ്പോർട്ടും സാമൂഹ്യപ്രത്യാഘാത നിർവ്വഹണ പദ്ധതി റിപ്പോർട്ടും തയ്യാറാക്കുന്നതിനുള്ള സാമൂഹ്യ പ്രത്യാഘാത പഠന യൂണിറ്റായി കേരള വോളന്ററി ഹെൽത്ത് സർവ്വീസ് കോട്ടയം എന്ന സ്ഥാപനത്തെ തിരഞ്ഞെടുത്തിരുന്നതും ആയതനുസരിച്ച് പ്രസ്തുത യൂണിറ്റ് പഠനം നടത്തി നിശ്ചിത കാലയളവിനുള്ളിൽ റിപ്പോർട്ട് ലഭ്യമാക്കിയിരുന്നതാണ്. വകുപ്പ് 7 പ്രകാരം 2015-ലെ ചട്ടം 16 പ്രകാരം പ്രസ്തുത പഠന റിപ്പോർട്ട് വിലയിരുത്തുന്നതിനായി രൂപീകരിച്ച വിദഗ്ദ്ധ സമിതിയുടെ ശുപാർശ വകുപ്പ് 8 പ്രകാരം 4-11-2020 തീയതിയിൽ ജില്ലാകളക്ടർ അംഗീകരിച്ചിട്ടുള്ളതുമാണ്.

മേൽ പദ്ധതിക്കായി ജില്ലാകളക്ടറുടെ ചുമതലകൾ കേരള സർക്കാർ 9-12-2015-ലെ 2753-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പരസ്യപ്പെടുത്തിയ 4-12-2015-ലെ സ.ഉ.(സാധാരണ) നമ്പർ 649/2015/റ.വ. വിജ്ഞാപന പ്രകാരം പത്തനംതിട്ട പൊന്നുംവില സ്പെഷ്യൽ തഹസിൽദാർ നിർവ്വഹിച്ചുവന്നിരുന്ന കാലയളവിൽ കോവിഡ് മഹാമാരി മൂലം ജീവനക്കാരെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ നിയോഗിച്ചതുകൊണ്ടും 2013-ലെ ഭൂമി ഏറ്റെടുക്കൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ആക്റ്റ് (2013-ലെ കേന്ദ്ര ആക്റ്റ് 30) വകുപ്പ് 11 (1) പ്രകാരമുള്ള പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതിനാവശ്യമായ വിവരങ്ങൾ സമയബന്ധിതമായി തയ്യാറാക്കാൻ പത്തനംതിട്ട പൊന്നുംവില സ്പെഷ്യൽ തഹസിൽദാർക്ക് കഴിഞ്ഞിട്ടില്ലാത്തതാണ്.

4-9-2020 തീയതിലെ ജി. ഒ. (പി.) നമ്പർ 60/2020/ആർ. ഡി. ഉത്തരവ് പ്രകാരം മേൽ പദ്ധതിക്കായുള്ള സ്ഥലമെടുപ്പ് നടപടികൾ നാളത് ആലപ്പുഴ എൽ. എ. യൂണിറ്റ്,

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കിഫ്ബി സ്പെഷ്യൽ തഹസിൽദാർ വകുപ്പ് 11(1) പ്രകാരമുള്ള വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതിനായുള്ള സ്ഥലപരിശോധനയടക്കമുള്ള നടപടികൾ സ്വീകരിച്ച് കൃത്യത നേരിൽ ബോധ്യപ്പെട്ട് കുറ്റമറ്റ രീതിയിൽ വിവരങ്ങൾ ലഭ്യമാക്കുവാൻ വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതിനായുള്ള പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് ടി 11 (1) വിജ്ഞാപന കാലപരിധി 3 മാസത്തേക്ക് കൂടി നീട്ടി നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുമുണ്ട്.

പത്തനംതിട്ട ജില്ല മല്ലപ്പള്ളി താലൂക്ക് മല്ലപ്പള്ളി വില്ലേജിൽ നിന്നും മണിമലയാറിന് കുറുകെ പാറക്കടവ് പാലം അപ്രോച്ച് റോഡ് നിർമ്മാണത്തിനായുള്ള ഭൂമി ഏറ്റെടുക്കൽ വളരെ അത്യന്താപേക്ഷിതമാണ് എന്നും ഒരു പൊതു ആവശ്യത്തിലേക്ക് ഉള്ളതിനാൽ ഒഴിവാക്കാൻ സാധ്യമല്ലാത്തതാണെന്നും 2013-ലെ ഭൂമി ഏറ്റെടുക്കൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ആക്റ്റ് (2013-ലെ കേന്ദ്ര ആക്റ്റ് 30) പ്രകാരം ഭൂമി ഏറ്റെടുക്കേണ്ടതാണെന്നും വ്യക്തമാകുന്നതാണ്.

ആയതിനാൽ പാറക്കടവ് പാലം അപ്രോച്ച് റോഡ് നിർമ്മാണത്തിനായുള്ള ഭൂമി ഏറ്റെടുക്കൽ നടപടിയിൽ വകുപ്പ് 11 (1) പ്രകാരമുള്ള വിജ്ഞാപനം പുറപ്പെടുവിക്കേണ്ട കാലാവധി 2013-ലെ ഭൂമി ഏറ്റെടുക്കൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ആക്റ്റ് (2013-ലെ കേന്ദ്ര ആക്റ്റ് 30) വകുപ്പ് 14 പ്രകാരം 4-11-2021 മുതൽ 4-12-2021 വരെ മാത്രം നീട്ടി അനുവദിച്ച് ഉത്തരവാകുന്നു.

ജില്ലാ കളക്ടർ,

*പത്തനംതിട്ട.*

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2021

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Salim A
Date:2021.11.25 08:47:55 +05:30